# നാടൻ കുട്ടിക്കളികളുടെ ആന്തരാർഥങ്ങൾ

പി.എസ്.

അരംബസ്ഥാനി എന്നും അറിയപ്പെടുന്ന ഒളിച്ചുകളി, സുല്ലം വീടി എന്നു വിളിക്കുന്ന ഓടിത്തൊട്ടുകളി, ഞൊണ്ടിപ്രാന്തി എന്നറിയപ്പെടുന്ന ഒറ്റക്കാലിൽ ഞൊണ്ടിയുള്ള' കളി, കല്ലുകളി, കിളിമാസുകളി, ഓലപ്പന്തുകളി, നൂറാം കോല് കളി, കവടി കളി, പടവെട്ട്, നിരയൊപ്പിച്ചുകളി, കുഴിക്കല്ല്, വട്ടുകളി, കൂപ്പിക്കായ കളി, കുട്ടിയും കോലും കളി.... ചെറു ചെറു വ്യത്യാസങ്ങളോടെ കേരളത്തിലങ്ങോളമിങ്ങോളം പ്രചാരത്തിലിരുന്നിരുന്ന കുട്ടിക്കളികളാണ് ഇവയെല്ലാം. കാലത്തിന്റെ പോക്കുനോക്കുമ്പോൾ അടുത്ത തലമുറയിലെ കുട്ടികൾക്ക് ഈ കളികളൊന്നും കളിക്കാനിടവരില്ല എന്നാണ് തോന്നുന്നത്. കുട്ടികളെ 'പഠിക്കുന്ന ഓമനമൃഗങ്ങളായി'ട്ടാണ് ഇന്ന് വളർത്തിക്കൊണ്ടുവരുന്നത്. അവർക്ക് പഠനസമയം കൂടികൂടി വരുന്നു; കളിസമയം കുറഞ്ഞും.

കളിക്കാനനുവദിച്ചാൽ തന്നെ ആരുടെ കൂടെ കളിക്കാം. എവിടെ കളിക്കാം. എന്തുകളിക്കാം. എത്രനേരം കളിക്കാം എന്നൊക്കെ രക്ഷാകർത്താക്കൾ തന്നെ നിശ്ചയിക്കുന്നു. ഫുട്ബോൾ, ക്രിക്കറ്റ്, ഷട്ടിൽ, വോളിബോൾ തുടങ്ങിയ പ്രൊഫഷണൽ കളികളിലേക്ക് കുട്ടികൾ ചുരുക്കപ്പെടുന്നു. നാടൻ കുട്ടിക്കളികൾ അങ്ങനെ കുട്ടികൾക്ക് അന്യമാവുകയാണ്.

തലമുറകളായി പകർന്നുവന്നിരുന്ന നാടൻ കുട്ടിക്കളികൾ വെറും നേരമ്പോക്കുകളായിരുന്നു എന്നാണ് മിക്കവരുടേയും ധാരണ. കുട്ടികളുടെ മാനസികവും ശാരീരികവുമായ ശേഷി വികസനത്തിൽ കുട്ടിക്കളികൾ വലിയൊരു പങ്കുവഹിച്ചിരുന്നു എന്നതാണ് യാഥാർഥ്യം.

വീടുകെട്ടി കുഞ്ഞുകഞ്ഞിവെച്ചു കളിക്കുന്ന പെൺകുട്ടികളും ടീച്ചറായും കുട്ടികളായും അഭിനയിച്ചു കളിക്കുന്ന കുട്ടികളും അവർ കാണുന്ന വലിയവരുടെ ലോകത്തെ സൂക്ഷ്മമായി പകർത്തി അഭിനയിച്ചുനോക്കുകയാണ് ചെയ്യുന്നത്. വീട്ടിലെ മുതിർന്ന അംഗങ്ങളുടെ പെരുമാറ്റരീതികൾ; അവർക്കിടയിലെ സ്ഥാനവലിപ്പ വ്യത്യാസങ്ങൾ, മുതിർന്നവർ ശരിയെന്നും തെറ്റെന്നും കരുതുന്ന സംഗതികൾ എന്നിവയെല്ലാം കുഞ്ഞുകഞ്ഞിവെച്ചുകളിക്കുമ്പോൾ അവർ പകർത്തുന്നതു കാണാം. നിരീക്ഷണത്തിലും അപഗ്രഥനത്തിലും പുനരവതരണത്തിലും കൂടെ കടന്നുപോകുന്ന കുരുന്നു തലച്ചോറുകൾ, വളർച്ചയുടെ മൂലകങ്ങൾ സ്വാംശീകരിക്കുന്നുണ്ട് എന്നത് വളരെ വ്യക്തം.

ഏതു സാഹചര്യങ്ങളേയും ഉപയുക്തമാക്കത്തക്കവിധം വ്യത്യസ്തമായ തരത്തിൽ അസംഖ്യമാണ് കുട്ടിക്കളികളുടെ ലോകം. ഒറ്റയ്ക്കു കളിക്കാവുന്നതു മുതൽ പത്തോ ഇരുപതോ പേർക്കുവരെ കളിക്കാവുന്ന വിവിധ കളികളുണ്ട്. വിശാലമായ സ്ഥലങ്ങളെ ഉപയോഗപ്പെടുത്തി ശരീരത്തിലെ സകല മാംസപേശികൾക്കും വ്യായാമം നല്കുന്ന കളികൾ മുതൽ പുറത്തിറങ്ങാൻ പറ്റാത്ത മഴയത്ത് ഇറയത്തൊരു കോണിൽ സ്വസ്ഥമായിരുന്ന് കളിക്കാവുന്ന കളികളുമുണ്ട്.

ആൺകുട്ടികളുടെ മാത്രം കളികളും പെൺകുട്ടികളുടെ മാത്രം കളികളുമുണ്ട്. ഒരുമിച്ചുള്ള കളികളും ധാരാളം. സ്കൂളിലേക്ക് നടന്നുപോകുമ്പോൾ നടത്തത്തോടൊപ്പം ചെയ്യുന്ന കളികളും വിളക്കണച്ച് ഉറങ്ങാൻ കിടക്കുമ്പോൾ ഉറക്കംവരും വരെ കളിക്കുന്ന കളികളും (ഉദാ: കടംകഥ പറയൽ) ഉണ്ട്. അങ്ങനെ അനന്ത വൈചിത്ര്യമാർന്നതാകുന്നു കുട്ടിക്കളികളുടെ ലോകം.

ശാരീരിക വികാസത്തിന് കുട്ടികൾ നന്നായി ഓടിക്കളിക്കേണ്ടതുണ്ട്. അത്തരം കളികളിൽനിന്ന് കുട്ടികളെ വിലക്കി പ്രൊഫഷണൽ കളികളിലേക്ക് ഒതുക്കുന്നതും ടെലിവിഷൻ പ്രേക്ഷകരാക്കി അടക്കിയിരുത്തുന്നതും കുട്ടികളെ പേശിവികാസം തടയപ്പെട്ട് പൊണ്ണത്തടിയന്മാരാക്കി മാറ്റും. കുട്ടികളെ കളികളുടെ പ്രേക്ഷകരാക്കുകയല്ല വേണ്ടത് കളിയിലെ പങ്കാളികളാക്കുകയാണ്. സുല്ലം വീടി, ഒളിച്ചുകളി, കൊട്ടകളി, കിളിമാസുകളി, ഞൊണ്ടിപ്രാന്തി എന്നിവയെല്ലാം കായിക ചൈതന്യത്തിലൂന്നുന്ന കുട്ടിക്കളികളാണ്.

പെൺ കുട്ടികൾ ഇരുന്നു കളിക്കുന്ന കല്ലുകളി നോക്കുക. ഒരുകൂട്ടം കല്ലുകൾ ഒരു കയ്യിൽ പിടിച്ച് അതിലൊന്ന് മുകളിലേക്കിട്ട് അത് താഴെയെത്തും മുമ്പ് താഴെയിട്ട മറ്റു കല്ലുകളുടെ കൂട്ടത്തിൽനിന്നും ഒറ്റയ്ക്കും ഇരട്ടയ്ക്കും മൂച്ചയ്ക്കും കല്ലുകൾ പെറുക്കിയെടുക്കുന്ന ആ കളി കണ്ണും കൈയും തമ്മിലുള്ള പരസ്പരബന്ധം, ശ്രദ്ധ, ഏകാഗ്രത, വിരലുകളുടെ സൂക്ഷ്മതയോടെയുള്ള പ്രവർത്തനം എന്നിങ്ങനെ വ്യത്യസ്തശേഷികളുടെ വികസനത്തിലാണ് വിജയിക്കുന്നത്.

ഒരു ചെറിയ വൃത്തത്തിനുള്ളിൽ പതിനൊന്നു ഈർക്കിൽ കഷണങ്ങളിട്ട് മറ്റൊരു ഈർക്കിൽതുമ്പുകൊണ്ട് അവയെ ഓരോന്നോരോന്നായി മറ്റൊന്നും അനങ്ങാതെ പുറത്തേക്കെടുക്കുന്ന നൂറാംകോൽ എന്ന കളിയിലും ഏകാഗ്രതയും സൂക്ഷ്മതയുമാണ് പ്രശ്നം.

## സിദ്ധാർത്ഥന് സ്നേഹാഞ്ജലി



കേരളീയം പ്രവർത്തകർ